# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 727** **29/11/2018-ൽ മറുപടിയ്ക്ക്**

## സഹകരണ വകുപ്പിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി.കെ. ഹരീന്ദ്രൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സഹകരണ വകുപ്പിന്റെ സഹകരണത്തോടെ പാറശ്ശാല നിയോജകമണ്ഡലത്തിൽ സ്മാർട്ട് ക്ലാസ് റൂമുകളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ തൽസ്ഥിതി അറിയിക്കാമോ ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ ചെറുവാരക്കോണം സർവ്വീസ് സഹകരണ ബാങ്ക് പാറശ്ശാല എൽ.എം.എസ്. ഹൈസ്കൂളിൽ 3 ക്ലാസ്റൂമുകൾ ടൈൽസ് പാകി നൽകുന്നതിന് 72,000/- രൂപ ചെലവാക്കിയിട്ടുണ്ട്.<br><br>ഊർജ്ജ ക്ഷമതയുള്ള അടുപ്പുകൾ സ്ഥാപിക്കുന്ന പദ്ധതി ആരംഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി പാറശ്ശാല നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള വിദ്യാലയങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | (ബി) | പാറശ്ശാല നിയോജക മണ്ഡലത്തിൽ നിന്നും പാറശ്ശാല എൽ.എം.എസ്. ഹൈസ്കൂൾ ഈ പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുണ്ട്.<br><br>എന്നാൽ പൊതു വിദ്യാഭ്യാസ വകുപ്പ് സ്വന്തം നിലയിൽ സംസ്ഥാനത്തെ എൽ.പി/യു.പി. സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചു നൽകുന്നതിന് പദ്ധതി തയ്യാറാക്കിയ സാഹചര്യത്തിൽ സഹകരണ സംഘങ്ങൾ മുഖാന്തിരം സ്മാർട്ട് |

| | | | |
|---|---|---|---|
| | | | ക്ലാസ് മുറികളും ഊർജ്ജക്ഷമതയുള്ള അടുപ്പുകളും നിർമ്മിച്ച് നൽകുന്ന പദ്ധതി തൽക്കാലം തുടരേണ്ടതില്ല എന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഹകരണ സംഘങ്ങൾ പൊതുയോഗ തീരുമാനപ്രകാരം തങ്ങളുടെ പ്രദേശത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ നിർമ്മിച്ച് നൽകുന്നുണ്ട്. ഈ രീതി തുടരാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**